**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663** **23-02-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം അരൂർ നിയോജക മണ്ഡലത്തിൽ 'സൗര' ഒന്നാം ഘട്ട പദ്ധതിയിൽ 128 അപേക്ഷയും രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ 217 അപേക്ഷയും ലഭിച്ചു. പ്രസ്തുത അപേക്ഷകളിന്മേൽ ഒന്നാം ഘട്ടത്തിൽ 16 ഉപഭോക്താക്കൾക്ക് വർക്ക് ഓർഡർ നൽകുകയും അവിടെ 14 നിലയങ്ങളുടെ പണി പൂർത്തീകരിക്കുകയും ചെയ്തു. ഇതിൽ 13 നിലയങ്ങൾ ഗ്രിഡിൽ കണക്ട് ചെയ്തു. രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ 217 ഉപഭോക്താക്കൾക്ക് വർക്ക് ഓർഡർ നൽകി. ഇവയിൽ 11 നിലയങ്ങൾ പൂർത്തീകരിക്കുകയും ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തു. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) സംസ്ഥാനത്ത് കെ.എസ്.ഇ. ബി.എൽ മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ അരൂർ മണ്ഡലത്തിൽ നിന്ന് 12 അപേക്ഷകൾ ആകെ 44 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. ഇതിൽ 7 അപേക്ഷകർ കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എത്ര വീടുകളിൽ നടപ്പിലാക്കി എന്ന് വിശദമാക്കാമോ? | (ബി) | ഇതുവരെ സൗരയുടെ രണ്ട് പദ്ധതികളിലുമായി അരൂർ മണ്ഡലത്തിൽ 24 വീടുകളിൽ സൗര നിലയം സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 7 അപേക്ഷകർ അനെർട്ട് എംപാനൽ ചെയ്ത ഡെവലപ്പർമാർ മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ